**'ഭരണഭാഷ – മാതൃഭാഷ'**

നം. WCD/E8/13959/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 10/12/2021
ഇ-മെയിൽ wcdestablishment2017@gmail.com
ഫോൺ നം: 0471-2346534

**<u>പരിപത്രം</u>**

വിഷയം : വനിതാ ശിശുവികസനവകുപ്പ് – ജീവനക്കാര്യം – സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നത് – വകുപ്പിലെ ജീവനക്കാരെ SCORE പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർദേശം നൽകുന്നത് – സംബന്ധിച്ച്

സൂചന : സ.ഉ.(സാധാ)നം.3113/2021/പൊ.ഭ.വ, തീയതി. 18.08.2021

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE എന്ന വെബ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യമായവരും കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകേണ്ടവരുമായ എല്ലാ ജീവനക്കാരും വെബ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയറായ SCORE ൽ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പിൻ കീഴിലെ ICDS സൂപ്പർവൈസർ മാർ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II, ജൂനിയർ സൂപ്രണ്ടും സമാന തസ്തികയിൽപ്പെടുന്ന ന്യൂട്രീഷണിസ്റ്റ്, പ്രീ-സ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ്, സോഷ്യോളജിസ്റ്റ്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ എന്നിവരും കൂടാതെ നിലവിൽ ഗസറ്റഡ് തസ്തികകളിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരും SCORE (www.score.kerala.gov.in) എന്ന പോർട്ടലിൽ 24.12.2021 നകം നിർബ്ബന്ധമായും രജിസ്റ്റർ ചെയ്ത് User name, Password എന്നിവ സ്വീകരിക്കേണ്ടതാണ്.

രജിസ്ട്രേഷൻ സർവീസിൽ ഒരിക്കൽ മാത്രം ചെയ്താൽ മതിയാകും. SCORE ൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നിർദേശങ്ങൾ താഴെ പറയും വിധമാണ്.

1) www.score.kerala.gov.in
2) തുടർന്ന് 'Sign up' ക്ലിക്ക് ചെയ്യുക
3) തുടർന്ന് Registration ൽ PEN Number, Date of Birth എന്നിവ രേഖപ്പെടുത്തിയ ശേഷം 'Check' ക്ലിക്ക് ചെയ്യുക. PEN Number, Date of Birth എന്നിവ കൃത്യമാണെങ്കിൽ കൂടുതൽ വിവരങ്ങൾ കാണാൻ സാധിക്കും.
4) ലഭ്യമാകുന്ന വിവരങ്ങൾ കൃത്യമാണെങ്കിൽ Mobile Number, e-mail ID, Parent Department എന്നിവ രേഖപ്പെടുത്തി 'Register' ക്ലിക്ക് ചെയ്യുക.
5) താങ്കൾ നൽകിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം User Name (Pen No.), Password എന്നിവ SMS വഴി ലഭ്യമാകുന്നതാണ്
6) കൂടുതൽ സഹായങ്ങൾക്ക് www.score.kerala.gov.in എന്ന പോർട്ടലിൽ Help ക്ലിക്ക് ചെയ്യാവുന്നതാണ്.

മേൽപ്പറഞ്ഞ എല്ലാ ജീവനക്കാരും SCORE ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ബന്ധപ്പെട്ട ജില്ലാ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനു വേണ്ടി ജില്ലാ/ ഡയറക്ടറേറ്റ് തലത്തിൽ പരിശീലനം നൽകുന്നതാണ്.

**വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

<u>പകർപ്പ്:</u>

1. സൂപ്രണ്ട്, ഐ.റ്റി. സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ